## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.374 29.06.2016-ൽ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായ അഞ്ജു ബോബി ജോർജ്ജ് എന്നുമുതലാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയതെന്നും കൗൺസിൽ ഫണ്ട് ഉപയോഗിച്ച് നാളിതുവരെ എത്ര വിമാനയാത്രകൾ നടത്തി എന്നും ഇവർ നാളിതുവരെ സ്വീകരിച്ച ശമ്പളം, യാത്രാബത്ത, മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ എത്ര എന്നും വ്യക്തമാക്കുമോ ; | (എ) | 2015 ഡിസംബർ 1-ലെ ജി.ഒ.(പി)നം.38/2015/കാ.യു.വ പ്രകാരം ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി 04.12.2015-ൽ ആണ് ചുമതലയേറ്റത്.<br>സ്പോർട്സ് കൗൺസിൽ ഫണ്ട് ഉപയോഗിച്ച് ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് ഏഴ് വിമാനയാത്രകളാണ് നടത്തിയത് (40,552/- രൂപ).<br>ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി ചുമതലയേറ്റതിന് ശേഷം നാളിതുവരെ 59,032/- രൂപയാണ് ഓണറേറിയമായി കൈപ്പറ്റിയിട്ടുള്ളത്. കൂടാതെ ടി.എ/ഡി.എ ഇനത്തിൽ 6,660/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | നിലവിലുള്ള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അധികാരമേറ്റശേഷം നടത്തിയ നിയമനങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് കൗൺസിൽ പ്രസിഡന്റായി ചുമതലയേറ്റതിന് ശേഷം നടത്തിയ കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ശ്രീ.വർഗ്ഗീസ് വി.ജെ | - വോളീബോൾ ട്രെയിനർ |
| ശ്രീ.ഷിജു.ആർ | - ഫുട്ബോൾ ട്രെയിനർ |
| ശ്രീ.രാജു.പി.ആർ | - ഫുട്ബോൾ ട്രെയിനർ |
| ശ്രീ.വിപിൻ ഫ്രാൻസിസ് | - അത്‌ലറ്റിക്സ് ട്രെയിനർ |
| ശ്രീ.അനൂപ് ജോസഫ് | - അത്‌ലറ്റിക്സ് ട്രെയിനർ |
| ശ്രീ.സൂരജ്.എ.ആർ | - അത്‌ലറ്റിക്സ് ട്രെയിനർ |
| ശ്രീ.അനൂപ് | - സൈക്ലിംഗ് ട്രെയിനർ |
| ശ്രീ.ജീൻ.കെ.ജോൺ | - ക്രിക്കറ്റ് ട്രെയിനർ |
| ശ്രീ.അജിത് മാർക്കോസ് | - അസിസ്റ്റന്റ് സെക്രട്ടറി (ടെക്നിക്കൽ) |

### ദിവസവേതന നിയമനങ്ങൾ

| | |
|---|---|
| ശ്രീമതി.ലിൻസി ഫിലിപ്പ് | - എൽ.ഡി.സി |
| ശ്രീമതി.സിന്ധു.റ്റി.എ | - എൽ.ഡി.സി |
| ശ്രീമതി.പ്രീത.എസ് | - എൽ.ഡി.സി |
| ശ്രീ.അബിൻ.ആർ.എസ്.നായർ | - എൽ.ഡി.സി |
| ശ്രീ.രുദ്രദാസ് | - പമ്പ് ഓപ്പറേറ്റർ |
| ശ്രീ.വിശ്വംഭരൻ.കെ | പമ്പ് ഓപ്പറേറ്റർ |

| | |
|---|---|
| ശ്രീമതി.തങ്കമണി | - വനിതാ വാർഡൻ |
| ശ്രീ.വിഷ്ണുരാജ് | - കെയർ ടേക്കർ |
| ശ്രീ.ബാബു ചന്ദ്രൻനായർ | - കെയർ ടേക്കർ |
| ശ്രീ.ബിജു.എ | - സെക്യൂരിറ്റി |
| ശ്രീ.ഉദയകുമാർ | - ഹെൽപ്പർ |

(സി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ സഹോദരനെ സ്പോർട്സ് കൗൺസിലിൽ ഏത് തസ്തികയിലാണ് നിയമിച്ചിട്ടുള്ളതെന്നും ഇയാളുടെ ശമ്പളം എത്രയാണെന്നും ഇയാൾ യാത്ര ബത്ത, മറ്റു സാമ്പത്തിക ആനുകൂല്യങ്ങൾ തുടങ്ങിവയിൽ നിന്നും നാളിതുവരെ എത്ര തുക കൈപ്പറ്റി എന്നും ഇയാൾക്ക് നിലവിലെ തസ്തികയിൽ ജോലി ചെയ്യാനുള്ള യോഗ്യത ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ശ്രീമതി.അഞ്ജു ബോബി ജോർജിന്റെ സഹോദരൻ ശ്രീ.അജിത്ത് മാർക്കോസിനെ 04.03.2016-ലെ സ.ഉ.(കൈ)നം.30/16/കാ.യു.വ പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി (ടെക്നിക്കൽ) തസ്തികയിലാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്.

സ്പോർട്സ് കൗൺസിലിലെ നിർദ്ദിഷ്ട സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ടിയാന് ഇല്ലാത്തിനാൽ ശമ്പളവും യാത്രാബത്തയും നൽകിയിട്ടില്ല.

(ഡി) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ സ്ഥിരതാമസം എവിടെയാണ് എന്നും പ്രസിഡന്റിന് കേരളത്തിലോ പുറത്തോ സ്പോർട്സ് സ്കൂളുകളോ, സ്പോർട്സുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളോ ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് ബാംഗ്ലൂരിൽ കസ്റ്റംസ് & സെൻട്രൽ എക്സൈസിലെ ഉദ്യോഗസ്ഥയാണ്.

ശ്രീമതി.അഞ്ജു ബോബി ജോർജ്ജ് നടത്തുന്ന സ്ഥാപനങ്ങളൊന്നും കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ നിയമനം ഏതു രീതിയിലായിരുന്നു എന്നും സ്പോർട്സ് കൗൺസിലിൽ യു.ഡി.എഫ് സർക്കാർ കൊണ്ട് വന്ന നാമനിർദ്ദേശസംവിധാനം ഒഴിവാക്കാനും കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

(ഇ) കേരള സ്പോർട്സ് (ഭേദഗതി) ആക്ട് 2015-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് പ്രസിഡന്റിനെ നിയമിച്ചത്. പ്രസ്തുത ആക്ട് പ്രകാരമുള്ള നാമനിർദ്ദേശസംവിധാനം കായികമേഖലയ്ക്ക് ദോഷകരമായി ബാധിക്കും എന്ന് ബോധ്യപ്പെടുന്ന പക്ഷം ആക്ട് ഭേദഗതി ചെയ്യുന്നതിനും സ്പോർട്സ് കൗൺസിൽ പുന:സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

Manoj M

സെക്ഷൻ ഓഫീസർ